"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഐ.എ.വൈ. ഭവന പദ്ധതി - അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ ഗുണഭോക്താവ് ശ്രീമതി ഗീതയുടെ അപേക്ഷ - വീട് നിൽക്കുന്ന സ്ഥലം ഒഴിവാക്കി ശേഷിക്കുന്ന അഞ്ച് സെന്റ് സ്ഥലം മകൾക്ക് ഇഷ്ടദാനം ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.633/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 26/02/2021

പരാമർശം:- 1 ശ്രീമതി ഗീതയുടെ 28.01.2020-ലെ അപേക്ഷ

2 ഗ്രാമവികസന കമ്മീഷണറുടെ 15.02.2021 തീയതിയിലെ 1947/എച്ച്&ടി.6/2021/സി.ആർ.ഡി. നമ്പർ കത്ത്

ഉത്തരവ്

അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ 2015-16 വർഷത്തെ ഐ.എ.വൈ. ഭവന പദ്ധതിയുടെ ഗുണഭോക്താവായി കരാറിലേർപ്പെട്ട ശ്രീമതി.ഗീത, ടിയാരിയുടെ വീടിനോടു ചേർന്നുള്ള 5 സെന്റ് സ്ഥലം വിവാഹാവശ്യത്തിനായി മകൾക്ക് ഇഷ്ടദാനം ചെയ്യുന്നതിനുള്ള അനുമതിക്കായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാരിയുടെ അപേക്ഷ പരിഗണിച്ച് വീട് നിൽക്കുന്ന സ്ഥലം ഒഴിവാക്കി, ശേഷിക്കുന്ന 5 സെന്റ് മകൾക്ക് ഇഷ്ടദാനം ചെയ്യുന്നതിനുള്ള അനുമതി നൽകാമെന്ന് പരാമർശം (2) പ്രകാരം ഗ്രാമ വികസന കമ്മിഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമ വികസന കമ്മീഷണറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ 2015-16 വർഷത്തെ ഐ.എ.വൈ. ഭവന പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി ഗീതയുടെ വീട് നിൽക്കുന്ന സ്ഥലം ഒഴിവാക്കി ശേഷിക്കുന്ന 5 സെന്റ് മകൾക്ക് ഇഷ്ടദാനം ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ജയശ്രീ പി എൻ**
**അണ്ടർ സെക്രട്ടറി**

പകർപ്പ് : ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

സെക്രട്ടറി, അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം

ശ്രീമതി.ഗീത, നീലച്ചട്ടിവിളാകം, പുലിയൂർക്കോണം, പയറ്റുവിള പി.ഒ., തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

വെബ് & ന്യൂമീഡിയ, ഐ & പി ആർ ഡി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ

Signature valid
Digitally signed by NISAM N
Date: 2021.03.01 10:35:59 IST
Reason: Approved